നം. ഇ.എസ് 2-40318/2017/ആവഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 23.12.2017

# നോട്ടീസ്

വിഷയം:- ആവഡ – സീനിയർ ക്ലാർക്കുമാരുടെ 17.06.2000 മുതൽ 31.12.2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി ശ്രീമതി. ജീന. എം സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് – സംബന്ധിച്ച്.

സൂചന:- 1) വർക്കല താലൂക്ക് ആശുപത്രി സൂപ്രണ്ടിന്റെ എ1-370/2017 എന്ന 01.03.2017 ലെ കത്ത്

2) ജി.ഒ(ആർ.റ്റി) നം.2260/90/ആകുവ തീയതി 18.07.1990

3) ഉത്തരവ് നം. എ2-15012/90/ജി.മെ.ആ തിരുവനന്തപുരം തീയതി 06.10.90

4) ഒ&എം 2-78765/89/ആവഡ തീയതി 17.04.1991

5) ഉത്തരവ് നം. എ2-23437/2000/ജി.മെ.ആ തിരു. തീയതി 07.11.2000

6) ഉത്തരവ് നം. ഇ.ഡി1-3/2003/ആവഡ തീയതി 31.01.2004.

7) ഉത്തരവ് നം. ഇ.എസ് 2-40318/ആവഡ തീയതി 15/12/2014

സീനിയർ ക്ലാർക്കുമാരുടെ 17.06.2000 മുതൽ 31.12.2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി വർക്കല താലൂക്ക് ആശുപത്രിയിലെ സീനിയർ ക്ലാർക്കായ ശ്രീമതി. ജീന. എം ന്റെ അപേക്ഷ സൂചന 1 പ്രകാരം അയച്ചു തന്നിരിക്കുന്നു.

ശ്രീമതി. ജീന. എം. സൂചന 2 പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെയും സൂചന 3 പ്രകാരമുള്ള ജില്ലാ മെഡിക്കൽ ആഫീസറുടെ നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്ലാർക്കായി 15.10.1990 ൽ സർവ്വീസിൽ പ്രവേശിച്ചു. സൂചന 4 പ്രകാരമുള്ള ക്ലാർക്കുമാരുടെ 6/86 മുതൽ 8/90 വരെയുള്ള സീനിയോറിറ്റി ലിസ്റ്റിൽ 987-ാം നമ്പരായി ഉൾപ്പെടുത്തുകയും ചെയ്തു. ടിയാൻ എം.ഒ.പി പരീക്ഷയിൽ യോഗ്യത നേടിയത് 12/98 ലാണ്. അതിന്റെ അടിസ്ഥാനത്തിൽ സൂചന 5 പ്രകാരം പരിവീക്ഷാകാലം പൂർത്തിയാക്കുകയും ചെയ്തു. അക്കൗണ്ട് ടെസ്റ്റ് യോഗ്യത നേടിയത് 12/98 ൽ ആണ്. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന 6 പ്രകാരം സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ചു. എന്നാൽ സൂചന 7 പ്രകാരമുള്ള സീനിയർ ക്ലാർക്കുമാരുടെ 17.06.2000 മുതൽ 31.08.2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെട്ടിരുന്നില്ല.

ഈ സാഹചര്യത്തിൽ ശ്രീമതി. ജീന. എം ജോലിയിൽ പ്രവേശിച്ച തീയതി പരിവീക്ഷാകാലം പൂർത്തിയാക്കിയ തീയതി വകുപ്പ്തല പരീക്ഷകളിൽ യോഗ്യത നേടിയ തീയതി സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നേടിയ തീയതി എന്നിവ പരിഗണിച്ച് സീനിയർ ക്ലാർക്കുമാരുടെ 17.06.2000 മുതൽ 31.08.2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ 58 A ആയി ഉൾപ്പെടുത്തുന്നതിന് താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

വിശദവിവരം താഴെ ചേർക്കുന്നു.

| നം. | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | വകുപ്പ്തല പരീക്ഷകളിൽ യോഗ്യത നേടിയ തീയതി | എൽ.ഡി.സി തസ്തികയിലെ റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽ നിലവിലെ റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽ അനുവദിച്ച റാങ്ക് നം. | സീനിയർ ക്ലാർക്ക് തസ്തികയിൽ സീനിയോറിറ്റി കണക്കാക്കിയ തീയതി |
|---|---|---|---|---|---|---|---|---|
| 1 | Mohanan Elladichy | 19.03.61 | 28.08.90 | MOP 06/1992<br>AT(L) 06/1995 | 98613<br>86/90 | 58 | 58 | 01.07.2000 |
| 2 | M. Jeena | 15.05.66 | 15.10.90 | MOP 12/1998<br>AT(L) 12/1998 | 987 | - | 58 A | 01.07.2000 |
| 3 | S. Sabu | 28.05.66 | 10.09.90 | MOP 11/1990<br>AT(L) 06/1992 | 989 | 59 | 59 | 01.07.2000 |

പ്രസ്തുത തീരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അവ ടി നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം നേരിട്ടോ തപാൽ മാർഗ്ഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്.

ഒപ്പ്/-
സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

സ്വീകർത്താവ്

1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2) ബന്ധപ്പെട്ട എല്ലാ സ്ഥാപന മേലധികാരികൾക്കും
3) ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4) ഇ.ഡി സെക്ഷൻ
5) ഫയൽ/സ്റ്റോക്ക് ഫയൽ

// ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്